# വിവേകോദയം യു.പി സ്കൂൾ

## വെളിയം



## ജാലകം

# അക്കാദമിക മാസ്റ്റർ പ്ലാൻ

| | | | |
|---|---|---|---|
| ഉപജില്ല | : വെളിയം | ബി ആർ സി | : വെളിയം |
| വിദ്യാഭാസ ജില്ല | : കൊട്ടാരക്കര | റവന്യൂ | : കൊല്ലം |

# ഉള്ളടക്കം


1. പ്രൊഫൈൽ
2. ആമുഖം
3. കുട്ടികളുടെ സ്ഥിതിവിവരണകണക്ക്
4. അധ്യാപകരുടെ വിവരങ്ങൾ
5. പഠനനിലവാരരേഖ
6. കാഴ്ചപ്പാട്
7. പൊതുലക്ഷ്യങ്ങൾ
8. ഉപമേഖല – മലയാളം
9. ഉപമേഖല – ഇംഗ്ലീഷ്
10. ഉപമേഖല – ഹിന്ദി
11. ഉപമേഖല – സയൻസ്
12. ഉപമേഖല – സോഷ്യൽ സയൻസ്
13. ഉപമേഖല – ഗണിതം
14. ഉപമേഖല – സംസ്കൃതം

# പ്രൊഫൈൽ

| | | |
|---|---|---|
| വിദ്യാലയത്തിൻറെ പേര് | : | വി. വി. യു. പി. എസ് വെളിയം |
| ജില്ല | : | കൊല്ലം |
| വിദ്യാഭാസ ജില്ല | : | കൊട്ടാരക്കര |
| താലൂക്ക് | : | കൊട്ടാരക്കര |
| വില്ലേജ് | : | വെളിയം |
| പഞ്ചായത്ത് | ; | വെളിയം |
| വാർഡ് | : | XIII , കൊട്ടറ |
| സി ആർ സി | : | ഗവ. എൽ. പി. എസ്സ് ഓടനാവട്ടം |
| ബി ആർ സി | : | വെളിയം |
| ഹെഡ് മാസ്റ്റർ | : | അന്നിതാ ജോൺ |
| ഫോൺ | : | 9142476946 |

# ആമുഖം

വെളിയം നെടുമൺകാവ് റൂട്ടിൽ പച്ചയിൽ ജംഗ്ഷനിൽ നിന്നും 100 മീറ്റർ അകലെയായി ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നു.

1962 - ൽ ശ്രീ പട്ടം താണുപിള്ള മുഖ്യ മന്ത്രിയായിട്ടുള്ള ഗവ മെൻറ്റാണ് വെളിയം വിവേകോദയം യു പി സ്കൂളിന് അംഗീകാരം നൽകിയത്. വെളിയം പടിഞ്ഞാറ്റിൻകര കുന്നുംപുറത്തു വീട്ടിൽ

ശ്രീ ശങ്കരൻ ആയിരുന്നു സ്കൂളിന്റെ മാനേജർ. 1981 - ൽ MSC മാനേജ്മെൻറ് തിരുവനന്തപുരം അതിരൂപത അധ്യക്ഷൻ അഭിവന്ദ്യ ബെനഡിക്ട് മാർ ഗ്രിഗോറിയസ് തിരുമേനി ഈ സ്കൂൾ ഏറ്റെടുത്തു.ഇപ്പോൾ ഈ വിദ്യാലയം മാവേലിക്കര രൂപതയിൽ ഉൾപ്പെടുന്നു. അഭിവന്ദ്യ മാത്യൂസ് മാർ പോളികാർപ്പോസ് തിരുമേനിയാണ് ഇപ്പോഴത്തെ മാനേജർ. 5,6,7 ക്ലാസ്സുകളിലായി ഓരോ ഡിവിഷൻ വീതവും പ്രഥമ അധ്യാപകനും നാല് അധ്യാപകരും ഒരു ഓഫീസ് അറ്റൻഡറും ഉണ്ട് . ലോക്കൽ മാനേജരായി ഫാ. മാത്യു കാമചാം പറമ്പിലും സേവനമനുഷ്ഠിക്കുന്നു.

# സ്ഥിതി വിവരണ കണക്ക് 2025-2026

**ആറാം അധ്യയന ദിനം 2025-2026** **School code -39349**

**വിദ്യാർത്ഥികളുടെ എണ്ണം**

| Class | All | | | SC | | | ST | | | Muslim | | | Other Minority | | | OBC | | | Others | | | APL | | | BPL | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total | B | G | Total |
| V | 3 | 6 | 9 | 2 | 2 | 4 | 0 | 0 | 0 | 1 | 1 | 2 | 0 | 0 | 0 | 0 | 2 | 2 | 0 | 1 | 1 | 0 | 2 | 2 | 3 | 4 | 7 |
| VI | 6 | 6 | 12 | 0 | 1 | 1 | 0 | 0 | 0 | 0 | 1 | 1 | 1 | 0 | 1 | 5 | 2 | 7 | 0 | 2 | 2 | 1 | 0 | 1 | 5 | 6 | 11 |
| VII | 5 | 8 | 13 | 1 | 2 | 3 | 0 | 0 | 0 | 1 | 2 | 3 | 0 | 1 | 1 | 3 | 1 | 4 | 0 | 2 | 2 | 1 | 5 | 6 | 4 | 3 | 7 |
| Total | 14 | 20 | 34 | 3 | 5 | 8 | 0 | 0 | 0 | 2 | 4 | 6 | 1 | 1 | 2 | 8 | 5 | 13 | 0 | 5 | 5 | 2 | 7 | 9 | 12 | 13 | 25 |

## അധ്യാപകരുടെ പേരും പഠിപ്പിക്കുന്ന ക്ലാസും ,വിഷയവും ചുവടെ ചേർക്കുന്നു

| Sl No | Name of the teacher | Qualification | Class | Subject |
|---|---|---|---|---|
| 1 | **ANITHA JOHN** | **PDC, TTC** | **V** | **MATHS** |
| 2 | **LINTA JOHN** | **B.A ,TTC** | **V,VI,VII** | **MALAYALAM,SCIENCE** |
| 3 | **ROSSILY . K** | **BSc, BEd** | **V,VI,VII** | **MATHS,SS,ENGLISH** |
| 4 | **SIBI PAPPACHAN** | **BA,BEd** | **V,VI,VII** | **HINDI** |
| 5 | **RIMMY JOHN** | **BA,BEd** | **V,VI,VII** | **SANSKRIT** |

ഓഫിസ് അറ്റൻറ്ററായി ശ്രീ കൃപേഷ് ബോബസ് സേവനമനുഷ്ഠിക്കുന്നു.

സ്കൂളിന്റെ അക്കാദമിക ഭൗതീക കാര്യങ്ങളിൽ സഹായിക്കുന്നതിനായി **13** അംഗ പി ടി എ കമ്മിറ്റികൾ സജീവമായി പ്രവർത്തിക്കുന്നു. പി ടി എ പ്രസിഡന്റായി ശ്രീമതി ദീപാ മോളും എം .പി. ടി എ പ്രസിഡന്റായി ശ്രീമതി ജയശ്രീയും അർപ്പണ മനോഭാവത്തോടെ പ്രവർത്തിക്കുന്നു. നിർലോഭമായ സഹകരണം പി ടി എ യുടെ ഭാഗത്തു നിന്ന് സ്കൂളിന് ലഭിച്ചു കൊണ്ടിരിക്കുന്നു എന്നതിൽ തർക്കമില്ല .

**14** ആൺകുട്ടികളും **20** പെൺകുട്ടിമാണ് ഇപ്പോൾ ഇവിടെ പഠിച്ചു കൊണ്ടിരിക്കുന്നത്. ഭൂരിഭാഗം കുട്ടികളും സാധാരണ കുടുംബങ്ങളിൽ നിന്നും വരുന്നവരാണ്

# പഠന നിലവാര രേഖ

| CLASS | TOTTAL NO OF STUDENTS | SUBJECT | A | % | B | % | C | % | D | % |
|---|---|---|---|---|---|---|---|---|---|---|
| 5 | 13 | MALAYALAM | 8 | 62 | 3 | 23 | 2 | 15 | - | - |
| | | ENGLISH | 5 | 38 | 1 | 8 | 5 | 38 | 2 | 15 |
| | | HINDI | 7 | 54 | - | - | 2 | 15 | 4 | 31 |
| | | BASIC SCIENCE | 9 | 69 | 2 | 15 | 2 | 15 | - | - |
| | | SOCIAL SCIENCE | 12 | 92 | 1 | 8 | - | - | - | - |
| | | MATHS | 5 | 38 | 2 | 15 | 2 | 15 | 4 | 32 |
| | | SANSKRIT | 8 | 62 | 3 | 23 | 2 | 15 | - | - |
| 6 | 12 | MALAYALAM | 9 | 75 | 1 | 8 | 2 | 17 | - | - |
| | | ENGLISH | 10 | 83 | 1 | 8 | 1 | 8 | - | - |
| | | HINDI | 8 | 67 | 3 | 25 | 1 | 8 | - | - |
| | | BASIC SCIENCE | 10 | 83 | 1 | 8 | 1 | 8 | - | - |
| | | SOCIAL SCIENCE | 8 | 66 | 3 | 25 | 1 | 8 | - | - |
| | | MATHS | 5 | 42 | 4 | 33 | 3 | 25 | - | - |
| | | SANSKRIT | 8 | 62 | 1 | 8 | 2 | 17 | - | - |
| 7 | 9 | MALAYALAM | 6 | 67 | 2 | 22 | 1 | 11 | - | - |
| | | ENGLISH | 7 | 77 | 1 | 11 | 1 | 11 | - | - |
| | | HINDI | 6 | 67 | 2 | 22 | 1 | 9 | - | - |
| | | BASIC SCIENCE | 4 | 44 | 5 | 55 | - | - | - | - |
| | | SOCIAL SCIENCE | 5 | 55 | 4 | 44 | - | - | - | - |
| | | MATHS | 4 | 44 | 2 | 22 | 3 | 33 | - | - |
| | | SANSKRIT | 4 | 44 | 3 | 33 | - | - | - | - |

# കാഴ്ചപ്പാട്

അധ്യാപകൻ കുട്ടികൾക്ക് ഒരു സഹരക്ഷാകർത്താവായി നിന്നുകൊണ്ട് കുട്ടികൾക്ക് ക്ലാസ്സ് മുറികളും സ്കൂളിനകത്തും വേണ്ടുന്ന കരുതലും തണലും നൽകുന്നു. കാണാപാഠം പഠിച്ച് ഒരൊറ്റ ശരിയുത്തരം നൽകുന്നതിനുപകരം അധ്യാപകൻ കുട്ടികളെ തങ്ങളുടെ അനുഭവങ്ങളിൽ നിന്ന് ഉത്തരം പറയാൻ പ്രോത്സാഹിപ്പിക്കുന്നു. സ്കൂളിന് പുറത്ത് വീട്ടിലോ സമൂഹത്തിലോ വളർത്തിക്കൊണ്ടു വരുന്ന കരവിരുതുകളുടെ രൂപത്തിലായിരിക്കും പലപ്പോഴും കുട്ടികളുടെ അറിവ് സൃഷ്ടിക്കപ്പെടുക. ഇത്തരത്തിലുള്ള എല്ലാ അറിവുകളും ബഹുമാനിക്കപ്പെടുകയും പ്രോത്സാഹിപ്പിക്കപ്പെടുകയും ചെയ്യുന്നു. ചോദ്യങ്ങൾ ചോദിക്കാനും അന്വേഷിക്കാനും, തർക്കിക്കാനും, മനനം ചെയ്യാനും, അവർക്ക് സങ്കല്പങ്ങളിൽ എത്തിച്ചേരാനും, പുതിയ ആശയങ്ങൾ ഉണ്ടാക്കാനും, സ്കൂളിൽ അവസരമൊരുക്കുന്നു. ഓരോ മാസവും അവസാനത്തെ ആഴ്ചയിൽ മാസം തോറുമുള്ള ടെസ്റ്റ് നടത്തി, പിന്നോക്കം നില്ക്കുന്ന കുട്ടികൾക്ക് പ്രത്യേകം ക്ലാസ്സ് കൊടുക്കുന്നു. കുട്ടികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ഇടയ്ക്കിടയ്ക്ക് രക്ഷിതാക്കളുടെ വിദ്യാലയ സന്ദർശനം പ്രോത്സാഹിപ്പിക്കുന്നു. രക്ഷിതാക്കളുടെ നിരന്തര സന്ദർശനം മുഖേന അധ്യാപക-വിദ്യാർത്ഥി -രക്ഷകർത്തൃബന്ധം സദൃഢമാകും.

ശാസ്ത്രീയമായി സ്കൂളിലെ കായികവിദ്യാഭ്യാസപരിപാടി നവീകരിക്കുന്നു. വിദ്യാർത്ഥികൾക്ക് കായിക പരിശീലനത്തിന് യു. പി. ക്ലാസ്സുകളിൽ അവസരം കുറവാണ്. പരിശീലനത്തിനുള്ള സൗകര്യങ്ങൾ വിദ്യാലയത്തിലുണ്ടെങ്കിലും വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. സ്കൂളിൽ ഒരധ്യാപകന്റെ നേതൃത്വത്തിൽ തെരഞ്ഞെടുക്കപ്പെട്ട കുട്ടികളെ എല്ലാ ദിവസവും രാവിലെയും വൈകിട്ടും രണ്ടു മണിക്കൂർ അടുത്തുള്ള ഹെൽത്ത് ക്ലബിന്റെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടുകൂടി ചിട്ടയായി കായികപരിശീലനം നൽകിയാൽ കായികരംഗത്ത് പ്രതിഭകൾ കടന്നുവരും. പല രാജ്യങ്ങളിലും നീന്തൽ പരിശീലനം പാഠ്യപദ്ധതിയുടെ ഭാഗമാണ്. സ്കൂളിനടുത്തുള്ള നീന്തൽക്കുളം നവീകരിച്ച് കുട്ടികൾക്ക് നീന്തൽ

പരിശീലനം നൽകിയാൽ അവരുടെ ആരോഗ്യം മെച്ചപ്പെടുത്താൻ കഴിയും. അങ്ങനെ സ്കൂൾ മെച്ചപ്പെട്ട അവസ്ഥയിൽ എത്തിച്ചേരും.

ഗ്രന്ഥപാരായണം വിദ്യാർത്ഥികൾ നിർബന്ധമായും ശീലിക്കേണ്ട ഒരു സ്വഭാവമാണ്. ചെറുപ്പത്തിൽ തന്നെ വായനാശീലം വളർത്തിയെടുക്കണം. ഇതിന് ഏറ്റവും ഉചിതമായ കാലയളവ് അപ്പർ പ്രൈമറി കാലഘട്ടമാണ്. അവർക്ക് അനുയോജ്യമായ പുസ്തകങ്ങൾ സ്കൂൾ ലൈബ്രറിയിൽ സാധ്യമാക്കി, സ്കൂൾ ലൈബ്രറി ആകർഷകമാക്കും. വിവിധ വിഭാഗങ്ങളിൽപ്പെടുന്ന പുസ്തകങ്ങൾ ആകർഷകമായി പ്രത്യേകം പ്രത്യേകം ക്രമീകരിക്കും. ഒരധ്യാപികയെ ചുമതല ഏല്പിക്കുന്നു. ഒപ്പം പ്രധാനപ്പെട്ട ദിനപ്പത്രങ്ങളും വിജ്ഞാനപ്രദങ്ങളായ മാസികകളും ക്രമീകരിച്ച്, സ്കൂൾ ലൈബ്രറിക്കൊപ്പം റീഡിംഗ് റൂമിനുള്ള സാധ്യതയും കണ്ടെത്തും.

അർഹരായവർക്ക് അവസരം ലഭ്യമാക്കാനുള്ള അന്വേഷണത്തിന്റെ ഭാഗമായാണ് പ്രവേശനപരീക്ഷകൾ ഏർപ്പെടുത്തിയിട്ടുള്ളത്. അതുപോലെ കഴിവും പ്രാപ്തിയുമുള്ള ഉദ്യോഗസ്ഥരെ വാർത്തെടുക്കുന്നതിനുവേണ്ടിയാണ് പി.എസ്.സി. പോലുള്ള പരീക്ഷകൾ നടത്തുന്നത്. ഇതിന്റെ പ്രാധാന്യം കണ്ടറിഞ്ഞ് ഉച്ചസമയത്ത് മുഴുവൻ കുട്ടികളേയും അധ്യാപകരെയും പങ്കെടുപ്പിച്ചുകൊണ്ട് ജനറൽനോളഡ്ജിന് പ്രത്യേക പരിശീലനം നല്കിവരുന്നു. ഈ വിഷയത്തിൽ നല്ല പരിശീലനം ലഭിച്ചവരുടെ സേവനം കുട്ടികൾക്ക് പ്രയോജനപ്പെടുത്തും.

പുസ്തകപഠനത്തോടൊപ്പം മാനസികവികാസവും നേടിയെടുത്താലേ വിദ്യാഭ്യാസം പൂർണ്ണമാവൂ. കയ്യെഴുത്ത് മാസികകൾഅതിന് വഴിയൊരുക്കുന്നു. വായനശാലകളിലും, കലാസമിതികളിലും എന്നപോലെ ഒരു കുട്ടി ഒരുകയ്യെഴുത്തു മാസിക ചിട്ടപ്പെടുത്തുന്നു. വിദ്യാഭ്യാസ ഉദ്യോഗസ്ഥരെയും സാംസ്കാരികനായകരേയും സ്കൂളിൽ ക്ഷണിച്ച് ഈ സംരംഭം ഉദ്ഘാടനം ചെയ്ത് മാസിക പ്രകാശനം ചെയ്യുന്നു. മികച്ച കയ്യെഴുത്തു മാസിക കണ്ടെത്തി ആ കുട്ടികളെ ആദരിക്കുന്നു.

ഇംഗ്ലീഷ് ഭാഷയുടെ മാഹാത്മ്യവും ആവശ്യകതയും ശരിക്കും മനസ്സിലാക്കിയതുകൊണ്ടാണ് വിദ്യാസമ്പന്നരായ ആളുകൾ ഇംഗ്ലീഷിനോട് മമത പുലർത്തുന്നതും. തങ്ങളുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളിൽ അയച്ചു പഠിപ്പിക്കുന്നതും. നഗരങ്ങളിലെല്ലാം വിദ്യാസമ്പന്നരായ ആളുകളുടെ സംസാരഭാഷ ഇംഗ്ലീഷാണ്. അതു

കൊണ്ട് ഗ്രാമീണമേഖലയിലെ കുട്ടികൾ പിന്തള്ളപ്പെട്ടുപോകുന്നു. ഇതിന് പരിഹാരമായി സ്കൂളിൽ ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്നതോടൊപ്പം സ്പോക്കൺ ഇംഗ്ലീഷ് പഠിപ്പിക്കുന്നതിനായി പ്രത്യേക പ്രാവീണ്യമുള്ള അധ്യാപകരുടെ സേവനം ലഭ്യമാക്കുകയാണെങ്കിൽ പൊതുവിദ്യാലയങ്ങളിലേക്ക് കുട്ടികളെ ആകർഷിക്കാൻ കഴിയും.

വിനോദമാധ്യമങ്ങൾ പലതും കുട്ടികളെ വഴിതെറ്റിക്കുന്നതും അവരിൽ മാനസിക വൈകല്യം ഉണ്ടാക്കുന്നതുമാണ്. സ്മാർട്ട് ഫോണും, ഇന്റർനെറ്റും കുട്ടികൾക്ക് ഗുണത്തേക്കാളേറെ ദോഷം ചെയ്യുന്നുണ്ട്. കുട്ടികളിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ അവരെ ബോധവൽക്കരിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥരെക്കൊണ്ട് ക്ലാസ്സുകൾ നടത്താം.

പരിസര മലിനീകരണം കുറക്കുവാനും ലഘൂകരിക്കാനുമുള്ള നിരവധി സംവിധാനങ്ങൾ നമുക്കുണ്ടെങ്കിലും അവയെല്ലാം പൂർണ്ണമായും ഫലപ്രദമല്ല. ജൂൺ 5 ലോക പരിസ്ഥിതി ദിനമായി സ്കൂളുകളിൽ ആചരിക്കുന്നുണ്ട്. ബോധവൽക്കരണറാലിയും വൃക്ഷത്തൈ വിതരണവും ഓരോവർഷവും നടക്കുന്നുണ്ട്. ഇതുകൊണ്ട് കുട്ടികളുടെ മനോഭാവത്തിന് മാറ്റം വരുന്നില്ല. അതിനപ്പുറം പരിസ്ഥിതി മലിനീകരണത്തിനെതിരെ ഒട്ടേറെ സംഘടനകളെയും പരിസ്ഥിതി പ്രവർത്തകരേയും സ്കൂൾ പരിപാടികളിൽ പങ്കെടുപ്പിച്ചുകൊണ്ട് നിരന്തരമായ പ്രവർത്തനങ്ങളിലൂടെ സമൂഹത്തിന് വലിയൊരു അവബോധം സൃഷ്ടിക്കാൻ കഴിയും. പ്രകൃതിസംരക്ഷണത്തിനായി ഉയർന്നു വന്നിരിക്കുന്ന സർക്കാർ സംരംഭങ്ങളോടൊപ്പം സ്കൂൾകുട്ടികളുടെയും സഹകരണം ഉറപ്പാക്കും.

# പൊതുലക്ഷ്യങ്ങൾ

- കുട്ടികൾക്ക് അതാത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ ലഭിച്ചു എന്ന് ഉറപ്പുവരുത്തുക.
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തനാക്കുന്നു.
- എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പുവരുത്തുന്നു.
- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക/മനോഭാവം ഉണ്ടാക്കുക.
- സ്കൂൾ വിദ്യാലയം മാലിന്യമുക്തമാക്കുക
- കുട്ടികളുടെ കായിക ആരോഗ്യക്ഷമത ഉറപ്പുവരുത്തുന്നു.
- ജനാധിപത്യസംസ്കാരം വളർത്തിയെടുക്കുക
- ക്ലാസ്സ് ലൈബ്രറി/സ്കൂൾ ലൈബ്രറി നവീകരണം
- SS Lab, Maths Lab, Science Lab എന്നിവയുടെ നവീകരണം
- ഭിന്നശേഷിക്കാരുടെ ഉന്നമനത്തിനായി പ്രത്യേക പരിപാടികൾ
- ലഹരിവിപത്തിനെതിരെ ബോധവൽക്കരണം
- എല്ലാ കുട്ടികളുടെയും ആരോഗ്യസുരക്ഷ ഉറപ്പാക്കുന്നു.
- പെൺകുട്ടികളുടെ സുരക്ഷക്കും ഉന്നമനത്തിനുമായി പ്രത്യേക പരിപാടികൾ
- Library (Public)യുടെ സഹായത്തോടെ പഠനം കാര്യക്ഷമമാക്കുന്നു.
- സമഗ്രവും നിരന്തരവുമായ പഠനനേട്ടങ്ങളിലധിഷ്ഠിതമായ വിലയിരുത്തൽ ഉറപ്പ് വരുത്തുന്നു.

| Sl. No. | പ്രവർത്തനങ്ങൾ | ചെലവ് | കാലയളവ് | സാമ്പത്തിക സ്രോതസ്സ് |
|---|---|---|---|---|
| 1. | സ്കൂളിൽ പെൺകുട്ടികൾക്കായി പ്രത്യേകം Girls friendly ടോയ്‌ലറ്റുകൾ നിർമ്മിക്കുന്നതിന് | 20000 | 2024-25 | M.P.Fund |
| 2. | കുട്ടികളുടെ ശാരീരികവും മാനസികവുമായ ഉന്നമനത്തിന് കായികപരിശീലനം സജീവമാക്കുന്നു. സ്പോർട്സ്, ഗെയിംസ് എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിനായി. | 10000 | 2024-25 | പൂർവ്വവിദ്യാർത്ഥികൾ |
| 3. | ആധുനികരീതിയിൽ സ്കൂൾകെട്ടിടം, ക്ലാസ്സ് റൂം, കമ്പ്യൂട്ടർ റൂം എന്നിവ വൈദ്യുതീകരിക്കുന്നതിന് | 50000 | 2024-25 | മാനേജ്മെന്റ് |
| 4. | വായന പരിപോഷിപ്പിക്കുന്നതിനായി ക്ലാസ് ലൈബ്രറി നവീകരണത്തിന് | 30000 | 2024-25 | പി.റ്റി.എ. |
| 5. | സ്കൂളിന് ഏറ്റവും അത്യാവശ്യമായ സ്മാർട്ട് ക്ലാസ് റൂം നിർമ്മിക്കുന്നതിന് | 1200000 | 2024-25 | MLA, MP, Old Students |
| 7. | ജൈവവൈവിധ്യപാർക്ക് | 15000 | 2024-25 | പി.റ്റി.എ |
| 8. | കലാപരിപാടികൾ, സാംസ്കാരിക സമ്മേളനങ്ങൾ, ചർച്ചകൾ, ഡിബേറ്റുകൾ എന്നിവ സംഘടിപ്പിക്കുന്നതിനായി ഓപ്പൺ ആഡിറ്റോറിയം നിർമ്മിക്കുന്നു/ഒപ്പം തന്നെ ഭക്ഷണശാലയും | 10,00000 | 2024-25 | MLA, MP |
| 9. | കമ്പ്യൂട്ടർ ലാബ് നിർമ്മിക്കുന്നു. | 1500000 | 2024-26 | MLA, MP, |
| 10. | സ്കൂൾ കെട്ടിട നവീകരണം | 800000 | 2024-26 | പൂർവ്വവിദ്യാർത്ഥികൾ |

# ഉപമേഖലാ – മലയാളം

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- മുഴുവൻ വിദ്യാർത്ഥികളെയും മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക.
- പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻധാരയിലെത്തിച്ച് വായനയും എഴുത്തും നവ്യാനുഭവമാക്കുക.
- വായനാക്കൂട്ടം, എഴുത്തുകൂട്ടം സജീവമാക്കുക
- ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി പരിഷ്കരണം
- മലയാളത്തിലെ വിവിധ സാഹിത്യശാഖകൾ പരിചയപ്പെടൽ
- വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടേയും എഴുത്തിന്റേയും സാധ്യത കണ്ടെത്തുക.
- സാഹിത്യകാരൻമാരുമായുള്ള സംവാദം, അഭിമുഖം എന്നിവ സംഘടിപ്പിക്കൽ
- പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികൾക്ക് വ്യത്യസ്തവും നൂതനവുമായ പഠന തന്ത്രങ്ങൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കുക.

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| I 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീ-ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. | 2 മാസം | 5, 6 | 1, 2 |
| 2. | ചിത്രങ്ങളിലൂടെ മലയാള അക്ഷരങ്ങൾ ഉറപ്പിക്കുന്നു | 1 മാസം | 5 | 1, 2, 3 |
| 3. | ചിത്രസഹായത്താൽ അടയാളം ഉറപ്പിക്കൽ | ഹ്രസ്വകാലം | 5 | 1, 2, 3 |
| 4. | അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരിക്കൽ, വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കൽ | ഹ്രസ്വകാലം | 5 | 3 |
| 5. | ചിത്രം നല്കി അടിക്കുറിപ്പ് പറയിക്കൽ | ഹ്രസ്വകാലം | 5, 6 | 2, 3 |
| 6. | ചിത്രം - കഥപറയൽ, ഒരു കഥയുടെ കുറച്ചു ഭാഗം നൽകി ബാക്കി പറയിക്കുന്നു, എഴുതുന്നു. | ഹ്രസ്വകാലം | 5, 6, 7 | 2, 3, 4 |
| 7. | സി.ഡി. പ്രദർശനം, ചിത്രങ്ങളടങ്ങിയ സി. ഡി. പ്രദർശിപ്പിക്കുന്നു, ഓരോ ചിത്രത്തെയും കുറിച്ച് പറയാനവസരം, എഴുതാനവസരം. | 1 മാസം | 5, 6, 7 | 7 |
| 8. | ഭാഷാപരമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേക ക്ലാസ്സ് | 1 മാസം | 5, 6, 7 | 3 |
| II 1. | കുട്ടിയെ മികച്ച വായനക്കാരനാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ | 6 മാസം | 5, 6, 7 | 2, 4 |
| 2. | വായനാമൂല, ക്ലാസ്സ് ലൈബ്രറി രൂപീകരിക്കൽ, കുട്ടികളുടെ സഹായത്തോടെ വായനയ്ക്ക് സഹായകമാവുന്ന പുസ്തകങ്ങൾ അടങ്ങുന്ന ക്ലാസ്സ് ലൈബ്രറി രൂപീകരണം | 2 മാസം | 5, 6, 7 | 5, 6 |
| 3. | സ്കൂൾ ലൈബ്രറി നവീകരണം, പുസ്തകവിതരണ രജിസ്റ്റർ, കുട്ടി ലൈബ്രേറിയൻ. | 1 മാസം | 5, 6, 7 | 5, 6 |
| 4. | സമീപഗ്രന്ഥശാല അംഗത്വം, പുസ്തകവിതരണം, വായന | 2 മാസം | 6, 7 | 5, 7 |

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 5. | പത്രവായന, വിവിധ പത്രങ്ങൾ ക്ലാസ്സിൽ ലഭ്യമാകൽ, പത്രക്വിസ്, വാർത്ത തയ്യാറാക്കൽ, പത്രം തയ്യാറാക്കൽ | ഹ്രസ്വകാലം | 5, 6, 7 | 4, 7 |
| 6. | അമ്മവായന, സ്കൂൾ ലൈബ്രറിയിൽ നിന്ന് അമ്മമാർക്ക് പുസ്തകം തെരഞ്ഞെടുക്കുവാനവസരം | ഹ്രസ്വകാലം | | 1, 7 |
| 7. | വായന അനുഭവം പങ്കുവെക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനയ്ക്ക് നൽകിയ പുസ്തകങ്ങൾ പരിചയപ്പെടൽ, സന്ദേശം, കഥാപാത്രനിരൂപണം, സ്വാധീനം ഇഷ്ടപ്പെടാനുള്ള കാരണം എന്നിവ അവതരിപ്പിക്കൽ. | 2 മാസം | 6, 7 | 4, 5, 8 |
| 8. | വായനാക്കുറിപ്പ്, പതിപ്പ്/ഓരോ പുസ്തകവായനയുടേയും കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. | 1 മാസം | 6, 7 | 4, 7 |
| 9. | ദിനാചരണങ്ങൾ - എഴുത്തും വായനയും പ്രോത്സാഹിപ്പിക്കുന്നതിന് ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങളും മത്സരങ്ങളും നടത്തുന്നു. | ഹ്രസ്വകാലം | 5, 6, 7 | 7, 8 |
| 10. | സാഹിത്യകാരൻമാരുമായുള്ള അഭിമുഖം, സാഹിത്യവാസന മെച്ചപ്പെടുത്തൽ - കൃതികളെ ആഴത്തിലറിയാൻ - രചനാതന്ത്രങ്ങളറിയാൻ | 6 മാസം | 6, 7 | 9 |
| 11. | ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും - ക്ലാസ് മുറിയിൽ, സ്കൂളിൽ ധാരാളം ആനുകാലിക പ്രസിദ്ധീകരണങ്ങളുടെ ലഭ്യത, വായന പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പ്രവർത്തനം, മത്സരങ്ങൾ | 1 മാസം | 6, 7 | 6, 7, 8 |
| III | | | | |
| 1. | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക എന്ന ലക്ഷ്യത്തോടുകൂടി എഴുത്തുകൂട്ട രൂപീകരണം. കുട്ടികളെ 5 വീതം എഴുത്തുകൂട്ടങ്ങളാക്കുന്നു. വ്യക്തിഗതരചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു. | 6 മാസം | 6, 7 | 2, 7 |

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 2. | വായനാക്കുറിപ്പ്, ആസ്വാദനകുറിപ്പ് തയ്യാറാക്കൽ, പഠനപ്രവർത്തനങ്ങളുമായും വായിച്ച പുസ്തക ങ്ങളുമായി ബന്ധപ്പെട്ട വായനാക്കുറിപ്പും, ആസ്വാ ദന കുറിപ്പും തയ്യാറാക്കൽ - പതിപ്പ് പ്രകാശനം | ഹ്രസ്വകാലം | 6, 7 | 6 |
| 3. | പൊതുവേദിയിലെ പ്രകടനങ്ങൾ - കുട്ടികളിലെ ഭയം - സഭാകമ്പം എന്നിവ മാറ്റിയെടുക്കൽ, അസംബ്ലി, റേഡിയോ ക്ലബ്, സർഗവേള, ബാലസഭ എന്നിവ സംഘടിപ്പിക്കുന്നു. സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാൻ അവസരം നല്കുന്നു. | 2 മാസം | 5, 6, 7 | 2, 7 |
| 4. | വ്യക്തിഗതരചന - സംഘരചന - കുട്ടികളിലെ സർഗവാസന വികസിപ്പിക്കാൻ നിരവധി രചനാമ ത്സരം സംഘടിപ്പിക്കുന്നു. വിലയിരുത്തൽ, പുസ്തകം തയ്യാറാക്കൽ. | 1 മാസം | 6, 7 | 4, 7, 9 |
| 5. | രചയിതാക്കളെ പരിചയപ്പെടുത്തൽ - കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടുത്തൽ, രചയിതാവിന്റെ ചിത്രം പ്രദർശിപ്പിക്കൽ, കുറിപ്പു കൾ ശേഖരിച്ച് പതിപ്പ് പ്രതിമാസം തയ്യാറാക്കുന്നു. രചയിതാക്കളുടെ ജനനമരണദിനാചരണം. | ഹ്രസ്വകാലം | 6, 7 | 6, 9 |
| 6. | ഭിന്നശേഷിക്കാർക്കായുള്ള പ്രവർത്തനങ്ങൾ / ആസൂത്രണം നടപ്പിലാക്കൽ പ്രോത്സാഹനം, പ്രഗ ത്ഭരുടെ സേവനം ലഭ്യമാക്കൽ | 2 മാസം | 5, 6, 7 | 3, 10 |

# ഉപമേഖലാ – ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണതയിലെത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് സംസാരിക്കുവാനും കേട്ട് മസ്സിലാക്കുന്നതിനുമുള്ള കഴിവ് വികസിപ്പിക്കുക.
- മികച്ച വായനാശീലം ഉണ്ടാക്കുക
- ഭാഷാവ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക
- ഐ.ടി. സാധ്യത ഇംഗ്ലീഷ് പഠനത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് ആർജ്ജിക്കുക.
- പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമായ ശേഷി വികസിപ്പിക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക
- CWSN കുട്ടികളെ നേർധാരയിലെത്തിക്കുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
- ഇംഗ്ലീഷ് പഠനത്തിലൂടെ ശരിയായ മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്തുക.
- പൊതുവേദികളിൽ സഭാകമ്പം കൂടാതെ വിവിധ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാനുള്ള ശേഷി കൈവരിക്കൽ
- ക്രിയാത്മകപരമായി ചിന്തിക്കുവാൻ പ്രാപ്തരാക്കുക
- ഇംഗ്ലീഷ് പഠനപ്രവർത്തനങ്ങളിലൂടെ ചൂഷണങ്ങൾ തടയുന്നതിന് പ്രാപ്തരാക്കുക.
- മാധ്യമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്ത് കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.
- തുല്യത കൈവരിക്കുന്നതിനുള്ള മനോഭാവം ആർജ്ജിക്കുക.
- പരസ്നേഹം വളർത്തുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

# ഉപമേഖലാ – ഇംഗ്ലീഷ്

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷാപഠനത്തിൽ സവിശേഷവൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ തയിലെത്തിക്കുക.
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഇംഗ്ലീഷ് ഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടി കളും ആർജ്ജിക്കുക.
- ഒഴുക്കോടെയും ശരിയായ ഉച്ചാരണത്തോടെയും ഇംഗ്ലീഷ് സംസാരിക്കുവാനും കേട്ട് മസ്സിലാക്കുന്നതിനുമുള്ള കഴിവ് വികസിപ്പക്കുക.
- മികച്ച വായനാശീലം ഉണ്ടാക്കുക
- ഭാഷാവ്യവഹാരങ്ങൾ തെറ്റ് കൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക
- ഐ.ടി. സാധ്യത ഇംഗ്ലീഷ് പഠനത്തിൽ പ്രയോജനപ്പെടുത്താനുള്ള കഴിവ് ആർജ്ജി ക്കുക.
- പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമായ ശേഷി വികസി പ്പിക്കുക.
- പാർശ്വവൽക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിലെത്തിക്കുക
- CWSN കുട്ടികളെ നേർധാരയിലെത്തിക്കുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഇംഗ്ലീഷ് ഭാഷാപഠനത്തെ പ്രയോജനപ്പെ ടുത്താനുള്ള കഴിവും മനോഭാവവും നേടുക.
- ഇംഗ്ലീഷ് പഠനത്തിലൂടെ ശരിയായ മൂല്യങ്ങൾ, മനോഭാവങ്ങൾ എന്നിവ വളർത്തുക.
- പൊതുവേദികളിൽ സഭാകമ്പം കൂടാതെ വിവിധ പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കാ നുള്ള ശേഷി കൈവരിക്കൽ
- ക്രിയാത്മകപരമായി ചിന്തിക്കുവാൻ പ്രാപ്തരാക്കുക
- ഇംഗ്ലീഷ് പഠനപ്രവർത്തനങ്ങളിലൂടെ ചൂഷണങ്ങൾ തടയുന്നതിന് പ്രാപ്തരാക്കുക.
- മാധ്യമ പ്രവർത്തനങ്ങൾക്ക് പ്രാധാന്യം കൊടുത്ത് കൈകാര്യം ചെയ്യാൻ പ്രാപ്ത രാക്കുക.
- തുല്യത കൈവരിക്കുന്നതിനുള്ള മനോഭാവം ആർജ്ജിക്കുക.
- പരസ്നേഹം വളർത്തുന്നതരത്തിലുള്ള പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യാൻ പ്രാപ്തരാക്കുക.

| Sl No | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| I. | ഭാഷാപരമായി പിന്നോക്കം നില്ക്കുന്ന കുട്ടികളെ തിരിച്ചറിയുന്നതിന്റെ ഭാഗമായി വിവിധ പ്രവർത്തനങ്ങൾ നടത്തുന്നു. | 1 മാസം | 5, 6, 7 | 2 |
| | ♦ പ്രീ- ടെസ്റ്റ്<br>♦ ഉയർന്ന നിലവാരത്തിലുള്ളത്. നിലവാരം താഴ്ന്നനത്. പരിഹാരപ്രവർത്തനം | 1 മാസം | 5, 6, 7 | |
| | ♦ ഗ്രഹാന്തരീക്ഷം മനസ്സിലാക്കുന്നു. രാവിലെയും വൈകിട്ടും പ്രത്യേക ക്ലാസ്സുകൾ | 1 വർഷം | 5, 6, 7 | 9 |
| | ♦ ഉന്നതനിലവാരം പുലർത്തുന്നവരുടെ സഹായം, അക്ഷരം, വാക്കുകൾ, വാക്യങ്ങൾ എന്നിവ ഉറപ്പിക്കുന്നതിനായി പ്രത്യേക കളികൾ, ചിത്രവിശകലനം<br>♦ കാർഡ് ഉപയോഗിച്ച് കളികൾ. ഗ്രൂപ്പ് പ്രവർത്തനങ്ങൾ | 1 മാസം | 5, 6, 7 | 2, 9 |
| | ♦ അവതരണത്തിനുള്ള സാഹചര്യങ്ങൾ, ICT കാർട്ടൂൺസ് | | 5 | 2, 9 |
| | ♦ ചിത്രം വായന, വാക്യം നിർമ്മിക്കൽ | | | |
| II. | കുട്ടിയെ ഇംഗ്ലീഷ് ഭാഷ വായിച്ചു മനസ്സിലാക്കാനുള്ള ശേഷി കൈവരിക്കാൻ സഹായകമായ പ്രവർത്തനങ്ങൾ നടത്തുന്നു. | 6 മാസം | 5, 6, 7 | 4, 5 |
| | ♦ വ്യക്തിഗതവായന, ഗ്രൂപ്പ് ചർച്ച, അധ്യാപക ഇടപെടൽ<br>♦ ഉച്ചാടനം മനസ്സിലാക്കൽ, കഥ വായന പൂർത്തിയാക്കൽ<br>♦ ആഴ്ചയിൽ ഒരുദിവസം അസംബ്ലി നടത്തൽ. അനുഭവം പങ്കുവയ്ക്കൽ | | 5, 6, 7 | |
| | ♦ ദിനാചരണങ്ങൾ. കുറിപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ | | | 16 |
| | ♦ പിന്നോക്കവിഭാഗക്കാർക്ക് ICT സാധ്യത ഉൾപ്പെടുത്തി പ്രവർത്തനങ്ങൾ | 1 മാസം | 5, 6, 7 | 8, 9 |
| III. | ഭാഷ ഭംഗിയായി എഴുതുന്നതിനുള്ള കഴിവ് / ശേഷി വികസിപ്പിക്കൽ | | | |
| | ♦ കുറിപ്പുകൾ തയ്യാറാക്കൽ, മനോഭാവം. കഥകൾ എഴുതുക. സ്റ്റോറി ബുക്ക് നിർമ്മാണം. മാഗസിൻ നിർമ്മാണം. ചുമർ പത്രിക. | | | |

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| | കൊളാഷ്. | | | |
| | ♦ പോസ്റ്റർ നിർമ്മാണം. ബെർത്ത്ഡേ കാർഡ് രൂപീകരണം | | | |
| | ♦ ആഴ്ചയിൽ ഒരുദിവസം അസംബ്ലി നടത്തൽ. അനുഭവം പങ്കുവയ്ക്കൽ | | | |
| | ♦ ഗ്രീറ്റിംഗ് കാർഡ്സ്, ക്ഷണക്കത്ത് | 2 മാസം | 5, 6, 7 | 2 |
| | ♦ നോട്ടീസ് നിർമ്മാണം. ഡയറി മേക്കിംഗ് - ദിവസേനയുല്ള പ്രവർത്തനങ്ങൾ | 1 വർഷം | | |
| | ♦ പത്രവാർത്ത തയ്യാറാക്കൽ. ആത്മകഥ. ജീവ ചരിത്രക്കുറിപ്പ്. വിവിധ മേഖലയിൽപ്പെട്ടവ രുടെ പ്രൊഫൈൽ നിർമ്മാണം | | 5, 6, 7 | 4, 6 |
| | ♦ പരസ്യം - ആകർഷകമായ തലക്കെട്ടോടെ. കവിത എഴുതൽ / അവതരണം | | 5, 6, 7 | 6<br>17 |
| | ♦ വിലയിരുത്തൽ - സ്വയം വിലയിരുത്തുന്നു / മറ്റുള്ളവരെ വിലയിരുത്തുന്നു. | | | 7 |
| | ♦ പിന്നോക്കക്കാർക്ക് വിവിധ കളികളിലൂ ടെയും മറ്റും പ്രോത്സാഹനം | | | |
| IV. | അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാ നുള്ള ശേഷി വികസിപ്പിക്കുക | 1 വർഷം | 5, 6, 7 | 1, 12 |
| | ♦ ക്ലാസ്സ് തല പ്രവർത്തനങ്ങൾ. പ്രസംഗം/ നിർമ്മാണം, അവതരണം | | | |
| | ♦ നാടകം - നിർമ്മാണം, അവതരണം | | | |
| | ♦ ഇംഗ്ലീഷ് അസംബ്ലി - പ്രതിജ്ഞ/പത്ര വായന/ജനറൽ നോളജ് | | | 12 |
| | ♦ സംവാദം - പ്രശസ്തരുമായി സംവാദിക്കാ നുള്ള അവസരം | | | |
| | ♦ ദിനാചരണ പ്രവർത്തനങ്ങൾ | | 5, 6, 7 | |
| | ♦ ക്ലബ്ബ് പ്രവർത്തനങ്ങൾ | | | |
| | ♦ സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സ് | 1 വർഷം | | 3 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# മേഖലാ - ഹിന്ദി

## ലക്ഷ്യങ്ങൾ

- ഹിന്ദി ഭാഷാപഠനത്തിൽ സവിശേഷ വൈഭവമുള്ള കുട്ടികളെ അതിന്റെ പൂർണ്ണതയിൽ എത്തിക്കുക
- കരിക്കുലം ലക്ഷ്യമാക്കുന്ന എല്ലാ ഹിന്ദിഭാഷാപഠനനേട്ടങ്ങളും എല്ലാ കുട്ടികളും ആർജ്ജിക്കുക
- ഹിന്ദി ഭാഷാപഠനത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അത് മറികടക്കാൻ പിന്തുണ നല്കുക.
- ശരിയായ ഉച്ചാരണത്തോടെ ഹിന്ദി ഭാഷ സംസാരിക്കാനും കേട്ട് മനസ്സിലാക്കാനുമുള്ള കഴിവ് എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
- രാഷ്ട്രഭാഷ എന്ന നിലയിൽ വായനയിലൂടെ അറിവ് സ്വാംശീകരിക്കുന്നതിനുള്ള ഉപാധിയെന്നനിലയിൽ ഹിന്ദി ഭാഷാകഴിവ് നേടുക.
- മികച്ച വായനാശീലം ഹിന്ദി ഭാഷയിൽ വികസിപ്പിക്കുക
- ഹിന്ദി ഭാഷാവ്യവഹാരങ്ങൾ തെറ്റുകൂടാതെ എഴുതാനുള്ള ശേഷി വികസിപ്പിക്കുക.
- ഹിന്ദിഭാഷാപഠനത്തിൽ ഐ.ടി.യുടെ സാധ്യത പ്രയോജനപ്പെടുത്താനുള്ള കഴിവ് നേടുക.
- ഹിന്ദിഭാഷാപഠനശേഷി വികസിപ്പിക്കുക.
- ഹിന്ദിഭാഷാപഠനത്തെ മതേതര ജനാധിപത്യബോധം വികസിപ്പിക്കുന്നതിന് പ്രയോജനപ്പെടുത്തുക.
- ഹിന്ദിഭാഷാപഠനത്തെ പെൺകുട്ടികളുടെ പദവി ഉയർത്തുന്നതിന് അനുയോജ്യമാക്കുക
- പാർശ്വവല്ക്കരിക്കപ്പെട്ട കുട്ടികളെ നേർധാരയിൽ എത്തിക്കുക.
- ഹിന്ദിഭാഷാ അധ്യാപക ശാക്തീകരണം
- CWSN കുട്ടികളെ നേർധാരയിലെത്തിക്കുക.
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ഹിന്ദി ഭാഷാപഠനത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
- ശരിയായ മൂല്യങ്ങളും മനോഭാവവും വളർത്തുന്നതിന് ഹിന്ദി ഭാഷാപഠനത്തെ പ്രയോജനപ്പെടുത്തുക.

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഹിന്ദി

## ലക്ഷ്യങ്ങൾ

- എല്ലാവർക്കും എഴുത്തും വായനയും
- മുഴുവൻ വിദ്യാർത്ഥികളേയും മികച്ച വായനക്കാരനും എഴുത്തുകാരനുമാക്കുക.
- പിന്നാക്കം നിൽക്കുന്ന കുട്ടികളെ മുൻധാരയിലെത്തിച്ച് വായനയും എഴുത്തും നവ്യാനുഭവമാക്കുക.
- വായനാക്കൂട്ടം എഴുത്തുകൂട്ടം സജീവമാക്കുക
- വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
- ഭാഷയുമായി ബന്ധപ്പെട്ട CD, ITC സാധ്യത എന്നിവ സജ്ജീകരിക്കൽ

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം |
|---|---|---|
| 1. | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിനായി പ്രീ- ടെസ്റ്റ് നടത്തി പിന്നോക്കക്കാരെ കണ്ടെത്തുന്നു. | 1 മാസം |
| 2. | ചിത്രങ്ങളിലൂടെ ഹിന്ദി അക്ഷരങ്ങൾ ഉറപ്പിക്കുന്നു. | 1 മാസം |
| 3. | അക്ഷരകാർഡിലൂടെ വാക്കുകൾ രൂപീകരക്കാൻ വാക്കുകളിലൂടെ വാക്യങ്ങൾ രൂപീകരിക്കുന്നു. | |
| 4. | ചിത്രം, കഥ പറയൽ, ഒരു കഥയുടെ കുറച്ചുഭാഗം നല്കി ബാക്കി പറയിക്കുന്നു. എഴുതുന്നു. | 4 മാസം |
| 5. | സി.ഡി. പ്രദർശനം, ചിത്രങ്ങൾ തുടങ്ങിയ സി.ഡി. പ്രദർശിപ്പിക്കുന്നു. ഓരോ ചിത്രത്തേയും കുറിച്ച് പറയുവാനും എഴുതുവാനും അവസരം നല്കുന്നു. | |
| 6. | ഭാഷാപരമായി പിന്നോക്കം നില്ക്കുന്നവർക്ക് പ്രത്യേകം ക്ലാസ്സുകൾ | |
| 7. | കുട്ടയെ മികച്ച വായനക്കാരനാക്കുക എന്ന ലക്ഷ്യം മുൻനിർത്തി ക്ലാസ്സ് വായനാക്കൂട്ടം രൂപീകരിക്കുന്നു. | |
| 8. | വായനാമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ - കുട്ടികളുടെ സഹായത്തോടെ വായനയ്ക്കു സഹായകമായ പുസ്തകങ്ങളടങ്ങുന്ന ക്ലാസ്സ് ലൈബ്രറി സജ്ജീകരക്കൽ, സ്കൂൾ ലൈബ്രറി നവീകരണം, പുസ്തകരജിസ്റ്റർ, കുട്ടി ലൈബ്രറിയിൽ പുസ്തകവിതരണം, പുസ്തക ശേഖരണം | 1 വർഷം |
| | ♦ വായന അനുഭവം പങ്കുവയ്ക്കൽ, പാഠഭാഗവുമായി ബന്ധപ്പെട്ട് അധികവായനക്കു നൽകിയ പുസ്തകങ്ങൾ പരിചയപ്പെടുത്തുന്നു.<br>♦ പുസ്തകവായനാക്കുറിപ്പ് ശേഖരിക്കുന്നു. ആവശ്യമായ കൂട്ടിച്ചേർക്കൽ നടത്തുന്നു. | 2 മാസം |

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് |
|---|---|---|---|
| | ♦ കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക യെന്ന ലക്ഷ്യത്തോടുകൂടി എഴുത്തു കൂട്ടം രൂപീകരിക്കുന്നു. കുട്ടികളെ 5 വീതം ഗ്രൂപ്പു കളാക്കുന്നു. വ്യക്തിഗതരചന, സംഘരചന എന്നിവ സംഘടിപ്പിക്കുന്നു.<br>♦ പൊതുവേദിയിലെ പ്രകടനങ്ങൾ - കുട്ടിക ളിലെ ഭയം, സഭാകമ്പം എന്നിവ മാറ്റിയെടു ക്കാൻ, അസംബ്ലിയിൽ സ്വന്തം സൃഷ്ടികൾ അവതരിപ്പിക്കാനുള്ള അവസരം നല്കുന്നു. | 4 മാസം | 5, 6, 7 |
| | ♦ വ്യക്തിഗതരചന, സംഘരചന - കുട്ടികളുടെ സർഗശേഷി വർദ്ധിപ്പിക്കാൻ നിരവധി രചനാ മത്സരങ്ങൾ സംഘടിപ്പിക്കുന്നു.<br>♦ രചയിതാക്കളെ പരിചയപ്പെടൽ, കൃതികൾ, സംഭാവന, സവിശേഷത ഇവ പരിചയപ്പെടു ത്തൽ, രചയിതാവിന്റെ ചിത്രം പ്രദർശിപ്പി ക്കൽ. | 1 വർഷം | |
| | ♦ ഭിന്നശേഷിക്കാർക്കുള്ള പ്രവർത്തനങ്ങൾ - ആസൂത്രണം നടപ്പാക്കൽ, പ്രോത്സാഹനം. | 1 വർഷം | 5, 6 7 |

# ഉപമേഖല - സയൻസ്

## ലക്ഷ്യങ്ങൾ

- ശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക/ശാസ്ത്രമനോഭാവം കുട്ടികളിൽ വളർത്തുക.
- സയൻസ് പ്രവർത്തനങ്ങളിൽ വിദ്യാർത്ഥികളെ പങ്കാളിയാക്കുക.
- ക്ലാസ്സ് റൂം പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉറപ്പിക്കൽ
- വ്യക്തിശുചിത്വം / പരിസരശുചിത്വം കുട്ടികളിൽ ഉറപ്പാക്കൽ
- പ്രകൃതിയേയും പ്രകൃതിസംരക്ഷണത്തെയും കുറിച്ചുള്ള അടിസ്ഥാന വിവരങ്ങൾ കുട്ടികളിൽ വളർത്തിയെടുക്കുവാൻ
- ശാസ്ത്രത്തിലെ അടിസ്ഥാന ആശയങ്ങളിലും മനോഭാവങ്ങളിലും പരിമിതിയുള്ള കുട്ടികളെ അതു മറികടക്കുവാൻ പിന്തുണ നല്കുക.
- ശാസ്ത്രപഠനശേഷം വികസിപ്പിക്കുക
- പാരിസ്ഥിതിക അവബോധം വളർത്തുക
- സ്വന്തം ജീവിതം മെച്ചപ്പെടുത്തുന്നതിന് ശാസ്ത്രത്തെ പ്രയോജനപ്പെടുത്താനുള്ള കഴിവും മനോഭാവവും നേടുക.
- ശരിയായ മൂല്യങ്ങളും മനോഭാവങ്ങളും വളർത്തുന്നതിന് ശാസ്ത്രപഠനത്തെ പ്രയോജനപ്പെടുത്തുക.

| Sl. No. | പ്രവർത്തനങ്ങൾ | കാല ദൈർഘ്യം | ക്ലാസ്സ് | ലക്ഷ്യം |
|---|---|---|---|---|
| 1. | സ്കൂളിൽ സയൻസ് ലാബ് നിർമ്മിക്കൽ | 1 മാസം | 5, 6, 7 | 1 |
| 2. | 5 മുതൽ 7 വരെ ക്ലാസ്സുകളിലെ പഠനത്തിനാവശ്യമായ സാമഗ്രികളുടെ ലിസ്റ്റ് തയ്യാറാക്കുന്നു/ സാമഗ്രികൾ വരുത്തുന്നു. പരീക്ഷണശാലയുടെ ഭാഗമായുള്ള ശില്പശാല<br>സയൻസ് ലാബ് ക്രമീകരിക്കൽ<br>സ്കൂൾ ലാബ് സജ്ജമാക്കുന്നു. | 2 മാസം | | |
| 2. | സ്കൂളിൽ പച്ചക്കറിത്തോട്ടനിർമ്മാണം<br>വിവിധി പച്ചക്കറിവിത്തുകളുടെ ശേഖരണം<br>ഗ്രോബാഗ് ശേഖരിക്കൽ<br>ബാഗിൽ മണ്ണ്/വളം നിറയ്ക്കുന്നു<br>തൈകൾ നടീൽ | 4 മാസം | 6, 7 | 5, 8 |
| 3. | ശുചീകരണ പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുന്നു.<br>നിയമാവലി തയ്യാറാക്കൽ<br>ഗ്രൂപ്പ് തിരിക്കൽ<br>ചുമതലാവിഭജനം | 1 മാസം | 5, 6, 7 | 4 |
| 4. | ഔഷധതോട്ട നിർമ്മാണം<br>ഔഷധസസ്യങ്ങൾ ശേഖരിക്കൽ<br>ഔഷധസസ്യനിരീക്ഷണം<br>ഫീൽഡ് ട്രിപ്പ്<br>ഔഷധ ആൽബം / പതിപ്പ് തയ്യാറാക്കൽ/ പ്രാധാന്യം തിരിച്ചറിയാൻ ശാസ്ത്രപഠനവുമായി ബന്ധപ്പെട്ട സസ്യങ്ങൾ വച്ചുപിടിപ്പിക്കുന്നു. | 1 മാസം | 5, 7 | |

# ഉപമേഖല - സോഷ്യൽ സയൻസ്

- സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസ്സിൽ നേടേണ്ട പഠന ശേഷികൾ കൈവരിച്ചു വന്ന് ഉറപ്പുവരുന്നു.
- ഓരോ ഘട്ടവും പൂർത്തിയാക്കുമ്പോഴും കുട്ടി നോക്കേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷകർത്താക്കളടക്കമുള്ള പൊതുസമൂഹത്തെ അറിയിക്കുന്നു.
- സാമൂഹ്യശാസ്ത്രപഠനത്തിൽ താല്പര്യം വളർത്തുക/മനോഭാവം ഉണ്ടാക്കുക.
- ക്ലബ് പ്രവർത്തനങ്ങൾ, പഠനോപകരണനിർമ്മാണം, ഊർജ്ജസംരക്ഷണ പ്രവർത്ത നങ്ങൾ, ജൈവവൈവിധ്യപാർക്ക് ഉണ്ടാക്കൽ, പഠനയാത്രകൾ, സ്കൂൾ ശുചീകര ണത്തിൽ കുട്ടികളെ പങ്കാളികളാക്കൽ, ലഘു പ്രോജക്ടുകൾ, സമൂഹത്തിന്റെ മുന്നോ ട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്ത രാക്കുന്നു.
- പ്രസംഗം, നാടകം, സ്കിറ്റ് എന്നിവ അവതരിപ്പിക്കുന്നതിനുള്ള ശേഷി/മനോഭാവം ഉണ്ടാക്കുന്നു.
- ഡിജിറ്റൽ ആൽബം തയ്യാറാക്കുന്നു
- സാമൂഹ്യശാസ്ത്രപഠന പരിപോഷണത്തിന് അനിവാര്യമായ പ്രാദേശികഭൂപട നിർമ്മിക്കാൻ പ്രാപ്തരാക്കുന്നു.
- സാമൂഹ്യശാസ്ത്രപഠനവും മാറ്റങ്ങളും (5, 6, 7) ക്ലാസ്സുകളിലെ സാമൂഹ്യപ്രസക യുള്ള വിഷയങ്ങൾ ആസ്പദമാക്കി സെമിനാർ സംഘടിപ്പിക്കുന്നു.

| Sl. No. | പ്രവർത്തനങ്ങൾ | ദൈർഘ്യം | | |
|---|---|---|---|---|
| 1. | 5, 6, 7 ക്ലാസ്സുകളുമായി ബന്ധപ്പെട്ട് ക്വിസ് മത്സരം നടത്തുന്നു. സ്വാതന്ത്ര്യസമരം, പണ്ടുകാലത്തെ അനാചാരങ്ങൾ, സാമൂഹ്യപരിഷ്കർത്താക്കൾ എന്നിവയെപ്പറ്റി ക്വിസ്, പഴയനാണയങ്ങൾ, സ്റ്റാമ്പുകൾ എന്നിവ ശേഖരിക്കുന്നു. ഇന്ത്യ, കേരളം, ഭൂലോകം ഇവയുടെ മോഡൽ ഉണ്ടാക്കുന്നു. പ്രസംഗമത്സരം നടത്തുന്നു. വിഷയം ഉദാ : ഇന്ത്യയുടെ മതേതരത്വം ..etc. നാടകം, സ്കിറ്റ്, അവതരണം. | 3 മാസം | 5, 6, 7 | |
| 2. | 5-ാം ക്ലാസ്സിലെ പ്രപഞ്ചം എന്ന മഹാത്ഭുതം എന്ന പാഠഭാഗത്തെ ആസ്പദമാക്കി ഡിജിറ്റൽ ആൽബം നിർമ്മിക്കുന്നു. | 1 മാസം | 5 | |
| | സൗരയുഥത്തിലെ 8 ഗ്രഹങ്ങളും അവയുടെ പ്രത്യേകതകൾ - ക്ലാസ്സ് 6 ലെ വൈവിധ്യങ്ങളുടെ ലോകം എന്ന പാഠഭാഗത്തെ ആസ്പദമാക്കി ആൽബം തയ്യാറാക്കുന്നു. വ്യത്യസ്തമേഖലകളിൽ വസിക്കുന്ന ജീവികളെക്കുറിച്ചും അവയുടെ പ്രത്യേകതകളെക്കുറിച്ചുമുള്ള ആൽബം. ക്ലാസ്സ് 7 ലെ യൂറോപ്പ് പരിവർത്തനപാതയിൽ എന്നെ പാഠഭാഗത്തെ ആസ്പദമാക്കി ആൽബം. നവോത്ഥാന കാലത്തെ പ്രധാന വ്യക്തികൾ - അവരുടെ സംഭാവന - ചിത്രം - ആൽബം. | ഹ്രസ്വകാലം | 5, 6, 7 | |
| 3. | പ്രാദേശികഭൂപട നിർമ്മാണം<br>സാമൂഹ്യശാസ്ത്രപരിപോഷണത്തിന് അനിവാര്യമായ വ്യക്തികൾ (മഹാത്മാഗാന്ധി), ടാഗോർ, സർദാർ വല്ലഭായ്പട്ടേൽ, ജവഹർലാൽ നെഹ്റു) സ്ഥാപനങ്ങൾ (താജ്മഹൽ, കുത്തബ് മീനാർ, ചുവപ്പുകോട്ട), സ്ഥലങ്ങൾ (ഡൽഹി, ശ്രീഹരിക്കോട്ട, ബാംഗ്ലൂർ) എന്നിവ കണ്ടെത്തി പ്രാദേശിക വിഭവഭൂപടം നിർമ്മിക്കുന്നു. | ഹ്രസ്വകാലം | 5, 6, 7 | |
| 4. | സെമിനാർ - 5, 6, 7 ക്ലാസ്സുകളിലെ സാമൂഹ്യപ്രസക്തിയുള്ള വിഷയങ്ങൾ നല്കുന്നു. ക്ലാസ്സ് 5 ലെ ഇന്ത്യയുടെ ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ, ക്ലാസ്സ് 6 ൽ കാർഷികസംസ്കാരം എന്ന വിഷയം, ക്ലാസ്സ് 7 ൽ കല, സാഹിത്യം, ശാസ്ത്രം എന്നിവയിൽ നവോത്ഥാനം ചെലുത്തിയ സ്വാധീനം എന്നീ വിഷയങ്ങളിൽ സെമിനാർ നടത്തുന്നു. വിവരശേഖരണം നടത്തുന്നു. അവതരണം ചർച്ച / പ്രതികരണം | | | |

# ഉപമേഖല - ഗണിതം

- സംഖ്യാബോധം - ആരോഹണ അവരോഹണ ക്രമത്തിൽ സംഖ്യകളെ ക്രമപ്പെടുത്തുന്നു.
- സംഖ്യകൾ വായിക്കാനും എഴുതാനും പ്രാപ്തരാക്കുന്നു
- സംഖ്യകൾ താരതമ്യം ചെയ്യുന്നു.
- ഗുണനപ്പട്ടിക പറയിപ്പിക്കുക / എഴുതുക
- സ്വയം വർക്ക് ഷീറ്റ് നിർമ്മിക്കുക
- ചതുഷ്ക്രിയകൾ തെറ്റുകൂടാതെ ചെയ്യുക
- ഭിന്നസംഖ്യകൾ / ദശാംശസംഖ്യകൾ എന്നിയുടെ ക്രിയകൾ ഉറപ്പിക്കുക.
- ക്ലാസ്സ് ലൈബ്രറി രൂപീകരണം
- സ്കൂൾ ലൈബ്രറി രൂപീകരിക്കുക
- ഗണിത ഉപകരണങ്ങൾ നിർമ്മിക്കുക
- ഗണിത ലാബ് നിർമ്മാണം
- ഗണിത ക്ലബ് പ്രവർത്തനങ്ങൾ
- ശില്പശാലകൾ, വർക്ക് ഷോപ്പ്, സെമിനാർ, പ്രോജക്ട്സ്
- ഗണിതമേളകളിൽ പങ്കെടുക്കുക
- ദിനാചരണം
- യു. എസ്. എസ്. പരീക്ഷയ്ക്ക് തയ്യാറാക്കുക

| Sl. No. | പ്രവർത്തനങ്ങൾ | ദൈർഘ്യം | ക്ലാസ്സ് | |
|---|---|---|---|---|
| 1. | അനായാസം ഇംഗ്ലീഷ് ഭാഷ കൈകാര്യം ചെയ്യാനുള്ള ശേഷി വികസിപ്പിക്കുക<br>♦ സംഖ്യകൾ സ്ഥാനവിലയനുസരിച്ച് എഴുതാനും വായിക്കാനുമുള്ള പ്രവർത്തനങ്ങൾ<br>♦ സ്ഥാനവില പോക്കറ്റ്, സംഖ്യാകാർഡുകൾ ഇവയുടെ നിർമ്മാണം | 2 മാസം | 5, 6 | 1, 6 |
| | ♦ സംഖ്യകളുടെ സങ്കലനം/വ്യവകലനം<br>♦ ഗുണനപട്ടിക ഹൃദിസ്ഥമാക്കുന്നു<br>♦ ഇടവിട്ടുള്ള സംഖ്യകളുടെ പട്ടിക ഉൾപ്പെടുന്ന വർക്ക് ഷീറ്റ് നൽകുന്നു<br>♦ ഗുണനം/ഹരണം എന്നീ ക്രിയകൾ | 4 മാസം | 5, 6 | 2, 3, 4, 5 |
| 2. | ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ ചെയ്യാൻ കുട്ടിയെ പ്രാപ്തനാക്കുന്നു.<br>♦ രണ്ടക്കങ്ങൾ, മൂന്നക്കങ്ങൾ ഇവയുടെ ചതുഷ്ക്രിയകൾ ഉൾപ്പെടുന്ന പ്രശ്നങ്ങൾ നല്കുന്നു. പ്രശ്നങ്ങൾ കണ്ടെത്തുന്നു.<br>♦ പ്രായോഗികപ്രശ്ന പരിഹരണം<br>♦ ചോദ്യനിർമ്മാണം<br>♦ ഗണിതക്ലബ് പ്രവർത്തനങ്ങൾ<br>♦ ഗണിത ഉപകരണ നിർമ്മാണം | 4 മാസം | 5, 6, 7 | 10, 12 |
| 3. | ഗണിത നൈപുണികൾ നേടാൻ പ്രാപ്തനാക്കുന്നു.<br>♦ ഗണിതലാബ് നിർമ്മാണം<br>♦ പുസ്തകങ്ങൾ, CD, Models, Geometrical charts, Puzzles and games ഗണിതപ്പാട്ടുകൾ, ഗണിതശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ, ജീവചരിത്രം, ദിനാചരണം, ശില്പശാലകൾ, വർക്ക് ഷോപ്പ്, ക്ലാസ്സ് ലൈബ്രറി | 1 വർഷം | 5, 6, 7 | 9, 10, 11<br>12, 13<br>15 |
| | ♦ ക്ലബ് സജീവമാക്കുന്നു, ഗണിതമേളകൾ സംഘടിപ്പിക്കുന്നു.<br>♦ ഗണിതക്വിസ്, പ്രോജക്ട്സ്, വിവിധ ശേഖരണങ്ങൾ ഉപയോഗിച്ച് മാഗസിൻ നിർമ്മാണം, ഭിന്നസംഖ്യകൾ, ദശാംശസംഖ്യകൾ, എന്നിവ ഉൾപ്പെട്ട മാന്ത്രിക ചതുരനിർമ്മാണം, Puzzles | 6 മാസം | 5, 6, 7 | 7, 12, 8 |
| | ♦ ദിനാചരണം, ഗണിതമേളകൾ സ്കൂൾതലത്തിൽ | 1 വർഷം | 5, 6, 7 | |
| 4. | Numats, ഒളിമ്പ്യാട്, USS പരീക്ഷകൾക്കായി കുട്ടികളെ പ്രാപ്തരാക്കുന്നു.<br>♦ രാവിലെയും വൈകിട്ടും പ്രത്യേക ക്ലാസ്സുകൾ നല്കുന്നു. | 4 മാസം | 5, 6, 7 | 16 |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

**മേഖല – അക്കാദമികം** **(UP & HS)** **ഉപമേഖല: സംസ്കൃതം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | പഠനോപ-കരണങ്ങൾ | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കൽ.<br>• അക്ഷരങ്ങളും പദങ്ങളും ആശയങ്ങളും ഉറപ്പിക്കുക.<br>• കാണുന്നതും കേൾക്കുന്നതും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേരുകൾ സംസ്കൃതത്തിൽ പഠിക്കുക.<br>• ആശയങ്ങൾ തെറ്റുകൂടാതെ പ്രകടിപ്പിക്കാനും സർഗാത്മകരചനകൾ വികസിപ്പിക്കാനുമുള്ള അവസരം നൽകുക.<br>• എല്ലാ കുട്ടികളും അർത്ഥപൂർണമായി വായിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക.<br>• സാഹിത്യാഭിരുചി വളർത്തുന്ന പ്രവർത്തങ്ങൾ<br>• ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യാ സാധ്യതകളെ പ്രയോജനപ്പെടുത്തൽ<br>• ഭാഷാലാബ് | • ടെസ്റ്റ് നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>• പരിമിതികൾ പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ<br>• പതിപ്പുകൾ, മാഗസിനുകൾ<br>• രചനാ ശില്പശാലകൾ<br>• സംസ്കൃതദിനാചരണം / അസംബ്ലി<br>• ഒഴിവുസംയങ്ങളിൽ പ്രത്യേക ക്ലാസ്<br>• വായനമൂല, പദപ്പയറ്റ്, ചോദ്യോത്തരപയറ്റ്, നിഘണ്ടു നിർമാണം, മാഗസിൻ നിർമാണം, ദിനാചരണങ്ങൾ, പോസ്റ്റർ നിർമാണം, കഥ - ഉപന്യാസം രചിക്കൽ & അവതരണം etc...<br>• വിവിധസാഹിത്യശാഖകളെ പരിചയപ്പെടുത്തൽ, കഥ, കവിത, സുഭാഷിതങ്ങൾ, ജീവചരിത്രക്കുറിപ്പുകൾ എന്നിവ രചിച്ച് / ശേഖരിച്ച് പതിപ്പുകൾ തയ്യാറാക്കൽ etc...<br>• വിവിധ കലാരൂപങ്ങളുടെ demonstration | ജൂൺ മുതൽ മാർച്ച് വരെ | പുസ്തകങ്ങൾ വീഡിയോകൾ ചിത്രങ്ങൾ etc.. | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## PROJECT (SANSKRIT)

- **സംസ്കൃതം ലൈബ്രറി**
  സംസ്കൃതഗ്രന്ഥങ്ങൾ, ബാലകഥകൾ, ബാലകവിതകൾ, ജീവചരിതഗ്രന്ഥങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി സംസ്കൃത ലൈബ്രറിയുടെ നിർമ്മാണം.

- **സംസ്കൃതദിനാചരണം**
  സംസ്കൃതദിനം വിവിധ പരിപാടികളോടെ സമുചിതമായി ആചരിക്കൽ

- **സംസ്കൃത അസംബ്ലി**
  വിവിധ ദിനാചരണങ്ങളോടനുബന്ധിച്ച് സ്കൂൾ തലത്തിൽ അസംബ്ലി അവതരിപ്പിക്കൽ.

- **സംസ്കൃതസംഭാഷണ ശിബിരം**
  സംഭാഷണപാടവം മെച്ചപ്പെടുത്താനായി സംഭാഷണശിബിരങ്ങൾ സംഘടിപ്പിക്കൽ.

- **പഠനയാത്രകൾ സംഘടിപ്പിക്കൽ**
  സംസ്കൃതകൗൺസിലിന്റെ നേതൃത്വത്തിൽ പഠനയാത്രകൾ സംഘടിപ്പിക്കൽ.

- **വിവിധ മത്സരങ്ങൾ**
  കഥാരചന, കവിതാരചന, ഉപന്യാസരചന, പ്രശ്നോത്തരി തുടങ്ങിയ മത്സരങ്ങൾ സംഘടിപ്പിക്കൽ.

- **മികച്ച വിദ്യാർത്ഥികൾക്ക് മത്സരപ്പരീക്ഷൾക്കുള്ള പ്രത്യേകപരിശീലനം**
  സംസ്കൃതം സ്കോളർഷിപ്പ് പരീക്ഷ, യു എസ് എസ് പരീക്ഷ, രാമായണം പ്രശ്നോത്തരി എന്നിവയ്ക്ക് പ്രത്യേക പരിശീലനം നൽകൽ.

- **ഐ ടി സാധ്യതകളെ പ്രയോജനപ്പെടുത്തൽ**
  വിക്ടേഴ്സ്ചാനൽ, സമഗ്ര പോർട്ടൽ തുടങ്ങിയവ വഴി സാങ്കേതികവിദ്യയുടെ സാധ്യതകളെ പ്രയോജനപ്പെടുത്തൽ. സംസ്കൃതം സിനിമകൾ, ഷോർട്ട് ഫിലിമുകൾ , ഡോക്യുമെന്ററികൾ തുടങ്ങിയവ പ്രദർശിപ്പിക്കൽ.

# ഉപസംഹാരം

10 വർഷം ലക്ഷ്യമാക്കി കണ്ടെത്തിയ ഭൗതികവും അക്കാദമികവുമായ കാര്യങ്ങൾ ഈ മാസ്റ്റർപ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കുട്ടികളുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കിയാണിത് തയ്യാറാക്കിയിട്ടുള്ളത്. വ്യക്തി, സ്ഥല, സാഹചര്യപരിമിതികൾ കണക്കിലെടുത്തുകൊണ്ട് തയ്യാറാക്കിയിരിക്കുന്ന ഈ പദ്ധതി വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതിന് രാഷ്ട്രീയ പ്രതിനിധികൾ, മുൻ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ, സാമൂഹ്യ, സാംസ്കാരിക മതനേതാക്കൾ, നാട്ടുകാർ, അഭ്യുദയകാംക്ഷികൾ, പി. റ്റി. എ. ഇവരുടെ സഹായം പ്രതീക്ഷിക്കുന്നു. നാടിന്റെ പുരോഗതിയ്ക്കുവേണ്ടി ഈ വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കാൻ എല്ലാവരും പ്രയത്നിക്കുമെന്നു പ്രതീക്ഷിക്കുന്നു.